**പ്രവാചകനിയോഗത്തിനു മുമ്പ് തിന്മയുടെ പ്രതീകങ്ങളായിരുന്ന അറബികളിൽ ഖുർആൻ സാധിച്ച വിപ്ലവം അത്യത്ഭുതകരമായിരുന്നു. കൊലയും കൊള്ളയും രക്തം ചിന്തലും നിത്യജീവിതത്തിന്റെ അവിഭാജ്യഘടകമായി കണക്കാക്കിയ ആ ജനതയെ ഖുർആൻ ഉടച്ചുവാർത്തു. അല്ലാഹുവിന്റെ അടിമകളുടെ സ്വഭാവങ്ങൾ അതവരെ എണ്ണിപ്പഠിപ്പിച്ചു. ഒരു പുതിയ സദാചാരവ്യവസ്ഥ അവരിൽ നടപ്പാക്കി.**

# ഖുർആൻ സൃഷ്ടിച്ച പരിവർത്തനങ്ങൾ

വി.കെ. അലി

ക്രിസ്ത്വബ്ദം ആറാം നൂറ്റാണ്ട് മനുഷ്യർ അന്ധകാരങ്ങളുടെ അടിത്തട്ടിൽ ആണ്ടുകഴിഞ്ഞ കാലഘട്ടമായിരുന്നു . ജീവിതത്തിന്റെ സകലമേഖലകളിലും അജ്ഞതയുടെയും അന്ധവിശ്വാസങ്ങളുടെയും കാളിമ പടർന്നിരുന്നു. വർഗവിവേചനം, സാമ്പത്തികചൂഷണം, ധർമച്യുതി, അക്രമം, അനീതി..... ഇരുട്ടിനുമേൽ ഇരുട്ട്. വിനോദത്തിനായി മനുഷ്യപുത്രരെയും ഹിംസ്രജീവികളെയും പരസ്പരം പോരടിപ്പിച്ച് വരേണ്യവർഗം വിനോദിച്ചു. അടിമകളും യുദ്ധത്തടവുകാരും മൃഗീയമായി കൊലചെയ്യപ്പെട്ടു. പെൺകുട്ടികൾ ജീവനോടെ കുഴിച്ചുമൂടപ്പെട്ടു. മദ്യം, ചൂതാട്ടം, കൊല, കൊള്ള, വ്യഭിചാരം, സ്ത്രീപീഡനം തുടങ്ങി സമൂഹത്തിന്റെ മുഖമുദ്രകളായിത്തീർന്ന എന്തെല്ലാം പാതകങ്ങൾ..... ഇത്തരം ഒരു സാഹചര്യത്തിലാണ് പ്രവാചകൻ മുഹമ്മദ്(സ) വിശുദ്ധ ഖുർആനുമായി രംഗത്തുവരുന്നത്. ഖുർആന്റെ ദൗത്യം അത് സ്വയം പ്രഖ്യാപിച്ചു:

"ജനങ്ങളെ അവരുടെ നാഥന്റെ അനുവാദപ്രകാരം അന്ധകാരങ്ങളിൽനിന്ന് പ്രകാശത്തിലേക്ക് നയിക്കുന്നതിനുവേണ്ടി ഈ ഗ്രന്ഥം നാം നിനക്ക് അവതരിപ്പിച്ചു. ആകാശങ്ങളിലും ഭൂമിയിലും ഉള്ളതെല്ലാം ഏതൊരു അല്ലാഹുവിന്റേതാണോ അതേ അജയ്യനും സ്തുത്യർഹനുമായവന്റെ മാർഗത്തിലേക്ക്" (14: 1,2).

## വിജ്ഞാനത്തിലേക്ക്; വെളിച്ചത്തിലേക്ക്

ഖുർആന്റെ ആദ്യത്തെ ആഹ്വാനം വിജ്ഞാനം സമ്പാദിക്കാനായിരുന്നു. പ്രവാചകന് ലഭിച്ച ആദ്യത്തെ ദിവ്യബോധനം ഇങ്ങനെ: "വായിക്കുക, സ്രഷ്ടാവായ നിന്റെ നാഥന്റെ നാമത്തിൽ. രക്തപിണ്ഡത്തിൽനിന്ന് മനുഷ്യനെ അവൻ സൃഷ്ടിച്ചു. വായിക്കുക, നിന്റെ നാഥൻ അത്യുദാരനാണ്. പേന മുഖേന പഠിപ്പിച്ചവൻ. മനുഷ്യനെ അവനറിയാത്തത് അവൻ അഭ്യസിപ്പിച്ചു" (96: 1-5). എഴുത്തും വായനയും അറിയാത്ത സമൂഹത്തെ (നിരക്ഷരർ എന്നർഥമുള്ള *അൽ ഉമ്മിയ്യൂൻ* എന്ന പേരിലാണ് അവരറിയപ്പെട്ടിരുന്നത്) എഴുതാനും വായിക്കാനും വിദ്യയഭ്യസിക്കാനും ഖുർആൻ പ്രേരിപ്പിച്ചു. സാക്ഷരരായ യുദ്ധത്തടവുകാരെ ഉപയോഗപ്പെടുത്തി പ്രവാചകൻ അവരിൽ എഴുത്തും വായനയും സാർവത്രികമാക്കി. വിശുദ്ധഖുർആൻ എഴുതിസൂക്ഷിക്കാനും പ്രവാചകമൊഴികൾ രേഖപ്പെടുത്താനും അക്ഷരവിദ്യ അവർക്കാവശ്യമായിരുന്നു. ഖുർആൻ തെറ്റുകൂടാതെ വായിക്കാൻ ലിപി പരിഷ്കാരം നടത്തേണ്ടിവന്നു. ഖുർആന്റെ ആഴങ്ങളിലേക്കിറങ്ങിച്ചെല്ലാൻ വിജ്ഞാനത്തിന്റെ വിവിധ ശാഖകളിൽ അവർക്ക് പരിജ്ഞാനം ആർജിക്കേണ്ടിവന്നു. അങ്ങനെ വ്യാകരണവും അലങ്കാരശാസ്ത്രവും അവർ സ്വയം കണ്ടുപിടിച്ചു. ഇതര സമൂഹങ്ങളുടെ വിജ്ഞാനവും സംസ്കാരവും അറബിയിലേക്ക് തർജമചെയ്ത് വിജ്ഞാനത്തിന്റെ ചക്രവാളങ്ങൾ വെട്ടിപ്പിടിച്ചു. ശാസ്ത്രം, തത്ത്വചിന്ത, ദൈവശാസ്ത്രം തുടങ്ങിയ മേഖലകളിൽ അവർ അഗ്രഗണ്യരായിമാറി. ഖുർആൻ അനുയായികളെ ആഹ്വാനം ചെയ്തു:

"ഭൂമിയിൽ അവർ സഞ്ചരിച്ചിട്ടില്ലേ? അവർക്ക് കാര്യം ഗ്രഹിക്കാൻ സഹായകമായ ഹൃദയങ്ങളും കേൾക്കാൻ കഴിയുന്ന ചെവികളും ഉണ്ടാകാൻ അതാവശ്യമാണ്. എന്നാൽ കണ്ണുകൾക്കല്ല അന്ധത ബാധിക്കുന്നത്; നെഞ്ചുകളിലുള്ള ഹൃദയങ്ങൾക്കാണ്" (22: 46).

"പറയുക: ഭൂമിയിൽ സഞ്ചരിച്ച് സൃഷ്ടി എങ്ങനെ ആരംഭിച്ചെന്ന് നിരീക്ഷിക്കുക. പിന്നീട് മറ്റൊരിക്കൽ കൂടി അല്ലാഹു പുനഃസൃഷ്ടിക്കും. നിശ്ചയം, അല്ലാഹു എല്ലാറ്റിനും കഴിവുറ്റവനാണ്" (29: 20).

ഈ പ്രേരണകളും പ്രോത്സാഹനങ്ങളും നൂറ്റാണ്ടുകളോളം ശാസ്ത്ര-വൈജ്ഞാനികമേഖലകളിൽ ആധിപത്യം വാഴാൻ മുസ്‌ലിംകളെ പ്രാപ്തരാക്കി. പിൽക്കാലത്ത് പാശ്ചാത്യലോകത്തുണ്ടായ വൈജ്ഞാനികവികാസത്തിന് അടിത്തറയായിവർത്തിച്ചത് ഇസ്‌ലാമികവിജ്ഞാനങ്ങളാണെന്നത് ഇന്ന് അധികമാരും നിഷേധിക്കാത്ത ഒരു ചരിത്രവസ്തുതയാണ്.

## മനുഷ്യസമത്വം, മാനവികൈക്യം

വർഗ-വർണ-ഭാഷാ-ദേശ-ജാതി വിഭാഗീയതകൾ പരമകാഷ്ഠ പ്രാപിച്ച തമോയുഗത്തിൽ മനുഷ്യസമത്വത്തിന്റെയും മാനവികൈക്യത്തിന്റെയും സന്ദേശം ഖുർആൻ ഉയർത്തിപ്പിടിച്ചു. മനുഷ്യരെല്ലാം ഒരേ മാതാപിതാക്കളുടെ സന്താനങ്ങളാണെന്നും കർമശുദ്ധിയാണ് മഹത്വത്തിന്റെ മാനദണ്ഡമെന്നും അത് പ്രഖ്യാപിച്ചു:

"മനുഷ്യരേ, ഒരാണിൽനിന്നും പെണ്ണിൽനിന്നുമാണ് നാം നിങ്ങളെ സൃഷ്ടിച്ചത്. പിന്നെ നിങ്ങളെ സമൂഹങ്ങളും ഗോത്രങ്ങളുമാക്കിയത് നിങ്ങൾ പരസ്പരം പരിചയപ്പെടേണ്ടതിനാണ്. അല്ലാഹുവിങ്കൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ഭക്തിയുള്ളവനാണ്" (49: 13).

പ്രവാചകൻ(സ) പറഞ്ഞു: "ചീർപ്പിന്റെ പല്ലുകൾ പോലെ ജനങ്ങൾ സമന്മാരാണ്. അറബിക്ക് അനറബിയേക്കാളോ വെളുത്തവന് കറുത്തവനേക്കാളോ യാതൊരു മഹത്വവുമില്ല. നിങ്ങളെല്ലാം ആദമിന്റെ സന്തതികൾ. ആദം മണ്ണിൽനിന്ന് സൃഷ്ടിക്കപ്പെട്ടവനും."

റോമക്കാരനായ സുഹൈബിനെയും എത്യോപ്യൻനീഗ്രോയായ ബിലാലിനെയും പേർഷ്യക്കാരനായ സൽമാനെയും ഖുറൈശിയായ അബൂബക്റിനെയും അടിമയായ സൈദിനെയും ആദർശത്തിന്റെ പട്ടുനൂലിൽ ഖുർആൻ കോർത്തിണക്കി. അടിമയായ അമ്മാറിനെ 'സയ്യിദുനാ' (ഞങ്ങളുടെ നേതാവ്) എന്ന് വിശേഷിപ്പിക്കുന്ന ഹൃദയസംസ്കാരം അവരെ പഠിപ്പിച്ചു. പിൽക്കാലത്ത് അടിമരാജാക്കന്മാർ തന്നെ ഇസ്ലാമികസമൂഹത്തെ ദീർഘകാലം നയിച്ചു.

സമത്വദർശനം ഉച്ചനീചത്വത്തിന്റെ ഉരുക്കുമുഷ്ടിയിൽ ഞെരുങ്ങിയിരുന്ന ജനസമൂഹങ്ങളെ ഇസ്ലാമിലേക്ക് എന്നും ആകർഷിച്ചുകൊണ്ടിരുന്നു. നിഷ്കൃഷ്ടമായ നീതിക്ക് സാക്ഷികളാകാൻ ഖുർആൻ ആഹ്വാനം ചെയ്തു:



"വിശ്വസിച്ചവരേ, നിങ്ങൾ നീതിക്കുവേണ്ടി നിലകൊള്ളുന്നവരും അല്ലാഹുവിന്റെ സാക്ഷികളുമാകുവിൻ. അത് നിങ്ങൾക്കോ നിങ്ങളുടെ തന്നെയോ മാതാപിതാക്കൾക്കോ ബന്ധുക്കൾക്കോ ദോഷകരമാണെങ്കിൽപോലും" (4: 135).

"വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനുവേണ്ടി നിലകൊള്ളുന്നവരും നീതിക്ക് സാക്ഷ്യം വഹിക്കുന്നവരും ആകുവിൻ. ഒരു ജനതയോടുള്ള വിദ്വേഷം നീതി പ്രവർത്തിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കരുത്. നിങ്ങൾ നീതി ചെയ്യുക. അതാണ് ദൈവഭക്തിക്ക് കൂടുതൽ ചേർന്നത്" (5: 8).

## വനിതകളുടെ വിമോചനം

സ്ത്രീകൾ സമൂഹത്തിൽ ഏറെ ചൂഷണവും പീഡനവുമനുഭവിച്ചിരുന്നു. സ്ത്രീക്ക് മനുഷ്യാത്മാവ് തന്നെയാണോ ഉള്ളത് എന്നതായിരുന്നു അന്നത്തെ ഒരു തർക്കവിഷയം. വിവാഹം, വിവാഹമോചനം, അനന്തരാവകാശം, സാമൂഹികപ്രശ്നങ്ങൾ എന്നിവയിലൊന്നും സ്ത്രീക്ക് പങ്കാളിത്തമോ അവളുടെ അഭിപ്രായങ്ങൾക്ക് പരിഗണനയോ ഉണ്ടായിരുന്നില്ല. പെൺസന്താനങ്ങൾ പിറക്കുന്നത് തന്നെ അപമാനമായി കരുതപ്പെട്ടു:

"അവരിലൊരാൾക്ക് പെൺകുട്ടി ജനിച്ച വിവരം ലഭിച്ചാൽ അവന്റെ മുഖം കറുത്തുപോകുന്നു. അവൻ ദുഃഖം കടിച്ചിറക്കുന്നു. ജനത്തിൽനിന്നൊളിച്ചുനടക്കുന്നു; ഈ ചീത്ത വാർത്ത ലഭിച്ചശേഷം ആരെയും കാണാതിരിക്കാൻ. അപമാനം സഹിച്ച് കുട്ടിയെ വളർത്തണമോ അതോ അതിനെ മണ്ണിൽ കുഴിച്ചുമൂടണമോ എന്നാണവൻ ആലോചിക്കുന്നത്" (16: 58).

ഈ അധഃസ്ഥിതിയിൽനിന്ന് സ്ത്രീകളെ കൈപിടിച്ചുയർത്താൻ ഖുർആൻ യത്നിച്ചു. മനുഷ്യവംശത്തിന്റെ ഉത്ഭവം ഒരാണിൽനിന്നും പെണ്ണിൽനിന്നുമാണെന്നും സത്തയിൽ അവർ ഒന്നാണെന്നും ഖുർആൻ ഉദ്ഘോഷിച്ചു:

"അവൻ തന്നെയാണ് ആണും പെണ്ണുമാകുന്ന ഇണകളെ സൃഷ്ടിച്ചത്; ഒരേ ബീജത്തിൽനിന്ന്" (53: 45).

"മനുഷ്യൻ സ്രവിക്കപ്പെടുന്ന ഒരു ഇന്ദ്രിയകണമായിരുന്നില്ലേ? പിന്നീടത് രക്തപിണ്ഡമായി. അങ്ങനെ അല്ലാഹു സൃഷ്ടിക്കുകയും കുറ്റമറ്റതാക്കുകയും ചെയ്തു. എന്നിട്ടതിൽ ആണും പെണ്ണുമാകുന്ന ഇണകളെ പടച്ചു" (75: 39).

സ്ത്രീകളോട് നല്ല രീതിയിൽ വർത്തിക്കണമെന്നും അവരുടെ അവകാശങ്ങൾ വകവച്ചുകൊടുക്കണമെന്നും ഖുർആൻ ആജ്ഞാപിച്ചു:

"നല്ല നിലയിൽ നിങ്ങൾ സ്ത്രീകളോട് പെരുമാറുക" (4: 19), "സ്ത്രീകൾക്ക് ബാധ്യതകളുള്ളതുപോലെ ന്യായമായ അവകാശങ്ങളുമുണ്ട്" (2: 228)

കുടുംബപരവും സാമൂഹികവുമായ നിരവധി അവകാശങ്ങൾ സ്ത്രീകൾക്ക് വകവച്ചുകൊടുത്തു. അനന്തരാവകാശം അക്കൂട്ടത്തിൽ പെടുന്നു: "മാതാപിതാക്കളും അടുത്ത ബന്ധുക്കളും വിട്ടുപോയ സ്വത്തിൽ പുരുഷന്മാർക്ക് ഒരു വിഹിതമുണ്ട്; മാതാപിതാക്കളും ബന്ധുക്കളും വിട്ടുപോയ സ്വത്തിൽ സ്ത്രീകൾക്കും വിഹിതമുണ്ട്. സ്വത്ത് കുറഞ്ഞതായാലും കൂടിയതായാലും. ഈ വിഹിതം നിർബന്ധമാകുന്നു" (4: 7).

വിവാഹം, വിവാഹമോചനം എന്നിവയിൽ നിയന്ത്രണങ്ങളേർപ്പെടുത്തി: "ഭാര്യമാർക്കിടയിൽ നീതി പുലർത്താൻ കഴിയില്ല എന്നാശങ്കയുണ്ടെങ്കിൽ ഒരാളെ മാത്രമേ വിവാഹം കഴിക്കാവൂ" (3: 4), "വിവാഹമോചനം രണ്ടു പ്രാവശ്യമാണ്. പിന്നീട് നല്ല നിലയിൽ നിലനിർത്തുകയോ അല്ലെങ്കിൽ ഭംഗിയായി പിരിച്ചയക്കുകയോ വേണം" (2: 229). വിധവകളുടെ പുനർവിവാഹത്തിന് തടസ്സം സൃഷ്ടിക്കരുതെന്ന് പ്രസ്താവിച്ചു (4: 19).

മുലകുടിപ്രായത്തിലുള്ള കുട്ടികൾ ഉള്ളതിന്റെ പേരിൽ വിവാഹമുക്തയാകുന്ന സ്ത്രീകളെ കഷ്ടപ്പെടുത്തുന്നത് വിലക്കി: "കുട്ടിയുടെ പേരിൽ ഒരു മാതാവും പീഡിപ്പിക്കപ്പെടരുത്" (2: 233). വിവാഹമുക്തയാക്കി പിരിച്ചയക്കുന്ന സ്ത്രീകൾക്ക് താൽക്കാലിക വിഭവം -മതാഅ്- നൽകാൻ നിർദേശിച്ചു: "അവർക്ക് നിങ്ങൾ മതാഅ് നൽകുക; കഴിവുള്ളവർ അവരുടെ തോതനുസരിച്ചും കഴിവുകുറഞ്ഞവർ അവരുടെ തോതനുസരിച്ചും" (2:236).

പരസ്പരം സഹകരിച്ചും ഉത്തരവാദിത്വങ്ങൾ പങ്കിട്ടും ആദരിച്ചും മുന്നോട്ടുപോകുന്ന ഒരു സാമൂഹികവ്യവസ്ഥ ഖുർആൻ നടപ്പിൽവരുത്തി: "വിശ്വാസികളും വിശ്വാസിനികളും പരസ്പരം ആത്മമിത്രങ്ങളാണ്. അവർ നന്മ കൽപിക്കുന്നു. തിന്മ വിലക്കുന്നു. നമസ്കാരം നിലനിർത്തുകയും സകാത്ത് നൽകുകയും ചെയ്യുന്നു. അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുന്നു. ആ വിഭാഗത്തോട് അല്ലാഹു കരുണ കാണിക്കുകതന്നെ ചെയ്യും" (9: 71).

## അടിമത്തത്തിനറുതി

മനുഷ്യരെ കന്നുകാലികളെപ്പോലെ വിൽക്കുകയും വാങ്ങു

കയും സുഖഭോഗവസ്തുക്കളായി ഉപയോഗിക്കുകയും ചെയ്യുന്ന കാലഘട്ടത്തിലാണ് ഖുർആൻ അവതരിച്ചത്. സമൂഹത്തിൽ ആഴത്തിൽ വേരോടുകയും സാമ്പത്തികമേഖലയുടെ നെടുംതൂണുകളിലൊന്നായിത്തീരുകയും ചെയ്ത അടിമത്തവ്യവസ്ഥ തുടച്ചുനീക്കുന്നതിന് സമർഥമായ കരുനീക്കങ്ങൾ ഇസ്‌ലാം ആരംഭിച്ചു. മനുഷ്യവംശത്തിന്റെ മഹത്വം വിവേചനമന്യേ അത് വിളംബരം ചെയ്തു: “നിശ്ചയം, മനുഷ്യരാശിയെ നാം ആദരിച്ചു.”

ആകാശഭൂമികളിലുള്ളതെല്ലാം മനുഷ്യന്റെ ഉപയോഗത്തിനും പ്രയോജനത്തിനും വേണ്ടി സൃഷ്ടിച്ചതാണെന്ന് പ്രഖ്യാപിച്ചു: “ഭൂമിയിലുള്ളതെല്ലാം നിങ്ങൾക്കുവേണ്ടി അവൻ സൃഷ്ടിച്ചു”, “അല്ലാഹു ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം നിങ്ങൾക്ക് കീഴ്പ്പെടുത്തിയത് നിങ്ങൾ കണ്ടില്ലേ? അവന്റെ പ്രത്യക്ഷവും പരോക്ഷവുമായ അനുഗ്രഹങ്ങൾ അവൻ നിങ്ങൾക്ക് പൂർത്തീകരിച്ചുനൽകിയതും.”

അടിമകളോട് നല്ല രീതിയിൽ പെരുമാറണമെന്നും വിവാഹപ്രായമെത്തിയാൽ അവരെ വിവാഹം കഴിപ്പിക്കണമെന്നും അവരിലെ യുവതികളെ ഉപയോഗപ്പെടുത്തി അവിഹിതസമ്പാദ്യം പാടില്ലെന്നും ഖുർആൻ അനുശാസിച്ചു:

“നിങ്ങളിൽ ഭർത്താവില്ലാത്തവരെയും നിങ്ങളുടെ അടിമകളിലും അടിമസ്ത്രീകളിലും പെട്ട നല്ലവരെയും നിങ്ങൾ വിവാഹം ചെയ്യിക്കുവിൻ”, “ഭൗതികലാഭം കൊതിച്ച് നിങ്ങളുടെ അടിമസ്ത്രീകളെ ദുർവൃത്തിക്ക് പ്രേരിപ്പിക്കരുത്. അവർ ചാരിത്രവതികളാകാൻ ആഗ്രഹിക്കുമ്പോൾ.”

പല പാപങ്ങളുടെയും പരിഹാരവും പ്രായശ്ചിത്തവും അടിമമോചനമാണെന്ന് നിർദേശിച്ചു. കൊല, ശപഥലംഘനം തുടങ്ങിയവ ഉദാഹരണം: “ആരെങ്കിലും ഒരു വിശ്വാസിയെ അബദ്ധത്തിൽ കൊന്നാൽ ഒരു വിശ്വാസിയായ അടിമയെ മോചിപ്പിക്കണം” (4: 92). (ശപഥലംഘനത്തിന്റെ വിധി ഖുർആൻ 5: 89-ൽ വിശദീകരിച്ചിട്ടുണ്ട്).

മോചനപത്രമെഴുതി സ്വാതന്ത്ര്യം നേടാൻ ആഗ്രഹിക്കുന്ന അടിമകൾക്ക് തടസ്സം നിൽക്കരുതെന്ന് കൽപിച്ചു: “നിങ്ങളുടെ അടിമകളിലെ മോചനക്കരാർ എഴുതാൻ ആഗ്രഹിക്കുന്നവരുമായി കരാർ എഴുതുക. അവരിൽ നന്മ നിങ്ങൾ കാണുന്നുവെങ്കിൽ” (24: 33).

ഇങ്ങനെ സ്വാതന്ത്ര്യബോധവും സ്വത്വവിചാരവും വളർത്തിയെടുത്ത ശേഷം അടിമത്തത്തിന്റെ ഉറവിടങ്ങൾ വറ്റിച്ചുകളഞ്ഞു. യുദ്ധത്തടവുകാരായി പിടിക്കപ്പെടുന്നവരെ അടിമകളാക്കുന്ന സമ്പ്രദായത്തിന് വിരാമമിട്ടുകൊണ്ട് ‘ഒന്നുകിൽ ഔദാര്യം കാണിച്ച് വിട്ടയക്കുക, അല്ലെങ്കിൽ പിഴ ഈടാക്കുക’ എന്ന് സിദ്ധാന്തിച്ചു. കാലക്രമത്തിൽ അടിമത്തസമ്പ്രദായം ഇസ്‌ലാമികസമൂഹത്തിൽനിന്ന് തിരോഭവിച്ചു.

## ഭൂമിയിലെ മാലാഖമാർ

പ്രവാചകനിയോഗത്തിനു മുമ്പ് തിന്മയുടെ പ്രതീകങ്ങളായിരുന്ന അറബികളിൽ ഖുർആൻ സാധിച്ച വിപ്ലവം അത്യത്ഭുതകരമായിരുന്നു. കൊലയും കൊള്ളയും രക്തം ചിന്തലും നിത്യജീവിതത്തിന്റെ അവിഭാജ്യഘടകമായി കണക്കാക്കിയ ആ ജനതയെ ഖുർആൻ ഉടച്ചുവാർത്തു. അല്ലാഹുവിന്റെ അടിമകളുടെ സ്വഭാവങ്ങൾ അതവരെ എണ്ണിപ്പഠിപ്പിച്ചു. ഒരു പുതിയ സദാചാരവ്യവസ്ഥ അവരിൽ നടപ്പാക്കി.

ഇസ്‌ലാം തങ്ങളിൽ വരുത്തിയ മാറ്റം പ്രവാചകന്റെ പിതൃവ്യപുത്രനും ശിഷ്യനുമായ ജഅ്ഫർ അബ്സീനിയയിലെ നജ്ജാശി രാജാവിനോട് വിവരിച്ചതിങ്ങനെയാണ്: “ഞങ്ങൾ അജ്ഞതയിൽ ആണ്ടുപോയ ആളുകളായിരുന്നു. ബിംബങ്ങളെ ആരാധിക്കും. ശവം തിന്നും. മ്ലേച്ഛകൃത്യങ്ങൾ ചെയ്യും. കുടുംബബന്ധങ്ങൾ തകർക്കും. അയൽവാസികളെ ദ്രോഹിക്കും. ശക്തൻ അശക്തനെ ചൂഷണം ചെയ്യും. അപ്പോഴാണ് അല്ലാഹു ഞങ്ങളിലേക്ക് ഒരു പ്രവാചകനെ നിയോഗിച്ചത്. അദ്ദേഹത്തിന്റെ വംശപരമ്പര, സത്യസന്ധത, വിശ്വസ്തത, സദാചാരം -എല്ലാം ഞങ്ങൾ നന്നായറിയും. അല്ലാഹുവിന്റെ ഏകത്വത്തിലേക്ക് അദ്ദേഹം ഞങ്ങളെ ക്ഷണിച്ചു. അവനെക്കൂടാതെ ഞങ്ങളും ഞങ്ങളുടെ പൂർവപിതാക്കളും ആരാധിച്ചിരുന്ന കല്ലുകളെയും ബിംബങ്ങളെയും വർജിക്കാൻ നിർദേശിച്ചു. സത്യം പറയുക, വിശ്വസ്തത പാലിക്കുക, കുടുംബബന്ധങ്ങൾ സംരക്ഷിക്കുക, അയൽപക്കമര്യാദ പാലിക്കുക, തിന്മകൾ വെടിയുക, വ്യഭിചാരം, കള്ളസാക്ഷ്യം തുടങ്ങിയവ വർജിക്കുക, അനാഥകളുടെ മുതൽ തിന്നാതിരിക്കുക, പതിവ്രതകളെ ദൂഷിക്കാതിരിക്കുക എന്നീ കൽപനകൾ നൽകി. നമസ്കാരം നിലനിർത്താനും സകാത്ത് കൊടുക്കാനും കൽപിച്ചു. ഞങ്ങൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ പിൻപറ്റുകയും ചെയ്തു.” അങ്ങനെ രൂപംകൊണ്ട സമൂഹത്തെ ഒരു പണ്ഡിതൻ വർണിക്കുന്നു: “പന്ത്രണ്ടുലക്ഷം ചതുരശ്രമൈൽ വിസ്താരമുള്ള വിശാലമായ പ്രദേശങ്ങളിൽ അങ്ങുമിങ്ങും ചിന്നിച്ചിതറിക്കിടന്നിരുന്ന, യുദ്ധക്കൊതിയരും കലഹപ്രിയരും അജ്ഞരും അസംഘടിതരുമായ അറബികളെ ലോകത്തുവച്ചേറ്റവും വലിയ മനുഷ്യസ്നേഹികളും സംഘടിതരും സൗമ്യശീലരും നന്മേച്ഛുക്കളുമായ ജനതയാക്കി മാറ്റാൻ ആ ഗ്രന്ഥത്തിന് സാധിച്ചു. ഈ ഗ്രന്ഥത്തിന്റെ ശിക്ഷണങ്ങളാൽ മനുഷ്യമഹത്വത്തിന്റെ മൂർത്തീമദ്ഭാവങ്ങളായ വ്യക്തികൾ ജന്മമെടുത്തു. നന്മയുടെയും നീതിയുടെയും പര്യായമായ ഒരു സമൂഹം മാത്രമല്ല, ശരിയായ അർഥത്തിൽ ദൈവാധിപത്യത്തിൽ ഒരു രാഷ്ട്രം തന്നെ സ്ഥാപിതമായി” (സ്വദ്റുദ്ദീൻ ഇസ്വ്‌ലാഹി, *ഖുർആനെ പരിചയപ്പെടുക*, പേ: 45).

തമ്മിൽ കലഹിച്ചു കഴിഞ്ഞിരുന്ന അവരെ ഖുർആൻ ഒറ്റക്കെട്ടാക്കി. ഒട്ടകങ്ങളുടെ മൂക്കുകയർ പിടിച്ചിരുന്ന അവരെ രാഷ്ട്രത്തിന്റെ നായകരാക്കി. അബൂബക്റിനെയും ഉമറിനെയും പോലുള്ള സാത്വികരായ ഭരണാധികാരികൾ അവരിൽനിന്ന് ഉദയം ചെയ്തു. റോമൻ-പേർഷ്യൻസാമ്രാജ്യങ്ങൾ അവർക്കു മുമ്പിൽ മുട്ടുകുത്തി. മൊറോക്കോ മുതൽ ഇന്തോനേഷ്യവരെയുള്ള വിശാലമായ ഭൂഭാഗങ്ങൾ ഖുർആന്റെ അനുയായികളുടെ സ്വാധീനത്തിനു കീഴിലായി. അറേബ്യയുടെ നാലതിരുകൾ കടന്ന് ഖുർആന്റെ ഭാഷ ലോകമാകെ വ്യാപിച്ചു.

## സഹിഷ്ണുതയും സ്വാതന്ത്ര്യവും

സ്വന്തം വിശ്വാസവും ആദർശവും മറ്റുള്ളവരുടെ മേൽ അടിച്ചേൽപിക്കുന്ന നയം ഖുർആന് അപരിചിതമായിരുന്നു. അക്കാലത്ത് രാഷ്ട്രീയാധികാരം കൈയാളിയ ജൂത-ക്രൈസ്തവവിഭാഗങ്ങൾ പരമതപീഡനം അക്രമമായി കണ്ടിരുന്നില്ല. ഇസ്‌ലാം, മതസ്വാതന്ത്ര്യത്തിന്റെ മുദ്രാവാക്യം ഉയർത്തിപ്പിടിച്ചു. മതത്തിൽ ബലാൽക്കാരമില്ല. സന്മാർഗം ദുർമാർഗത്തിൽനിന്ന് വ്യതിരിക്തമായിരിക്കുന്നു. സന്ദേശം എത്തിച്ചുകൊടുക്കുക എന്ന ബാധ്യത മാത്രമേ പ്രവാചകനുള്ളൂ എന്നും അദ്ദേഹം ജനങ്ങളെ നിർബന്ധിച്ച് വിശ്വസിപ്പിക്കാൻ ബാധ്യസ്ഥനല്ലെന്നും ഖുർആൻ പ്രഖ്യാപിച്ചു.

അന്യമതസ്ഥരുടെ ആരാധ്യരെ ദൂഷിക്കുന്നതും അവരുടെ വികാരങ്ങളെ വ്രണപ്പെടുത്തുന്നതും ഖുർആൻ കർശനമായി വിരോധിച്ചു: “അല്ലാഹുവിനെക്കൂടാതെ അവർ വിളിച്ചുപ്രാർഥിക്കുന്നവരെ നിങ്ങൾ ശകാരിക്കരുത്. അപ്പോൾ വിവരക്കേട് കാരണം അതിക്രമമായി അല്ലാഹുവെ അവരും ശകാരിക്കും” (6: 108).

ദൈവനാമങ്ങൾ അനുസ്മരിക്കപ്പെടുന്ന ദേവാലയങ്ങളുടെ പവിത്രതകൾ മാനിക്കണമെന്നും അവ കാത്തുസംരക്ഷിക്കണമെന്നും ഖുർആൻ കൽപിച്ചു: “ജനങ്ങളിൽ ഒരു വിഭാഗത്തെ മറ്റൊരു വിഭാഗത്തെക്കൊണ്ട് അല്ലാഹു പ്രതിരോധിച്ചുനിർത്തിയിരുന്നില്ലെങ്കിൽ അല്ലാഹുവിന്റെ നാമം കൂടുതലായി സ്മരിക്കപ്പെടുന്ന മഠങ്ങളും ചർച്ചുകളും ആരാധനാലയങ്ങളും പള്ളികളും തകർക്കപ്പെടുമായിരുന്നു” (22: 40).

വ്യത്യസ്ത മതവിഭാഗങ്ങൾ സൗഹാർദത്തിലും സഹവർത്തിത്വത്തിലും കഴിഞ്ഞുകൂടുന്ന അവസ്ഥ ഇസ്‌ലാമികഭരണവ്യവസ്ഥയ്ക്കു കീഴിൽ നൂറ്റാണ്ടുകൾ നിലനിന്നത് ഈ ശിക്ഷണങ്ങളുടെ ഫലമായിരുന്നു. ഈവിധം ചരിത്രത്തിൽ തുല്യതയില്ലാത്ത പല വിപ്ലവങ്ങൾക്കും വിശുദ്ധഖുർആൻ പ്രചോദനം നൽകുകയുണ്ടായി.